(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ) ഇങ്ങനെ ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മർദ്ദനം മുറകൾ പാടില്ലെന്നു കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. പരാതി കിട്ടുമ്പോൾ അന്വേഷിച്ച് തക്കതായ ശിക്ഷണ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

കേരള ആംഡ് പോലീസ് കോൺസ്റ്റബിൾമാരായി തെരഞ്ഞെടുക്കപ്പെടുന്നതിനുള്ള മെഡിക്കൽ പരിശോധന

747 [881] ശ്രീ. എം. കെ. കേശവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി. യുടെ അഡ്വൈസ് മെമ്മോ പ്രകാരം കേരള ആംഡ് പോലീസ് കോൺസ്റ്റബിൾമാരായി 19.4.1986-ൽ പോലീസ് ഡിപ്പാർട്ടുമെൻറ്, തൃശ്ശൂർ രാമവർമ്മപുരത്തുവച്ച് നടത്തിയ മെഡിക്കൽ പരിശോധനയിൽ എത്ര പേരെ ഒഴിവാക്കിയിട്ടുണ്ട്;

(ബി) അയോഗ്യരെന്നു കണ്ടവർ എത്ര; ഇവരുടെ അപാകതകൾ ട്രീറ്റ്മെൻറ് നടത്തി പരിഹരിക്കാവുന്നതാണെങ്കിൽ അങ്ങനെയുള്ളവരെ വീണ്ടും മെഡിക്കൽ പരിശോധനയ്ക്ക് വിളിക്കുവാൻ വേണ്ട നിർദ്ദേശം നൽകുമോ;

(സി) മെഡിക്കൽ പരിശോധനയിൽ ഒരു പ്രാവശ്യം അയോഗ്യത കൽപ്പിച്ചവരെ വീണ്ടും ഒരു പ്രാവശ്യം കൂടെ പരിശോധനയ്ക്ക് വിധേയമാക്കുന്ന കീഴ്വഴക്കം വല്ലതുമുണ്ടോ?

ഉത്തരം

(എ, ബി) 37 പേർ. അവർക്ക് വീണ്ടും ഒരു മെഡിക്കൽ പരിശോധന കൂടി നടത്തുന്നതാണ്.

(സി) ഉണ്ട്.

പുതിയ പോലീസ് സ്റ്റേഷനുകൾ

748 [882] ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കൊല്ലം പുതിയ പോലീസ് സ്റ്റേഷനുകൾ എവിടെയെല്ലാം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്;

(ബി) പുതിയ പോലീസ് സ്റ്റേഷനുകൾ അനുവദിക്കാൻ സ്വീകരിക്കുന്ന മാനദണ്ഡമെന്ത്?

ഉത്തരം

(എ) തീരുമാനിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കുറ്റകൃത്യങ്ങളുടെ കണക്ക്, ഭൂമിശാസ്ത്രപരമായ കിടപ്പ്, ക്രമസമാധാനപ്രശ്നങ്ങൾ, ജനസംഖ്യ, വ്യവസായ സംരംഭങ്ങളും അടുത്തുള്ള പോലീസ് സ്റ്റേഷനുമായിട്ടുള്ള അകലം എന്നിവയും സാമ്പത്തിക പരിമിതികളും കണക്കിലെടുത്താണ് പോലീസ് സ്റ്റേഷനുകൾ അനുവദിക്കുന്നത്.

കണ്ണമാലി പോലീസ് സ്റ്റേഷൻ

749 [883] ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണമാലി പോലീസ് സ്റ്റേഷന് സ്വന്തമായി ഒരു കെട്ടിടം നിർമ്മിക്കാൻ ആലോചനയുണ്ടോ;

(ബി) ഇപ്പോൾ സ്റ്റേഷൻ പ്രവർത്തിക്കുന്ന കെട്ടിടം തീരെ സൗകര്യമുള്ളതല്ലായെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കണ്ണമാലി പോലീസ് സ്റ്റേഷന് ഒരു പുതിയ കെട്ടിടം പണിയാൻ അടിയന്തിരമായി നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ, ബി) ഉണ്ട്.

(സി) 1986-87 സാമ്പത്തിക വർഷത്തിൽ തന്നെ പണി ആരംഭിക്കുന്നതാണ്.

ചോറ്റാനിക്കര പഞ്ചായത്തിൽ പോലീസ് സ്റ്റേഷൻ

750 [884] ശ്രീ. ബെന്നി ബഹനാൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചോറ്റാനിക്കര പഞ്ചായത്തിൽ ഒരു പോലീസ് സ്റ്റേഷൻ ആരംഭിക്കണമെന്ന ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ വർഷം ആരംഭിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) ഉണ്ട്. ചോറ്റാനിക്കര മുളന്തുരുത്തി പോലീസ് സ്റ്റേഷനിൽനിന്നും ഹിൽപാലസ് പോലീസ് സ്റ്റേഷനിൽനിന്നും അധികം ദൂരെയല്ല. ചോറ്റാനിക്കരയിൽ ക്രമസമാധാനത്തിന്റെ കാര്യത്തിൽ വലിയ പ്രശ്നങ്ങളൊന്നുമില്ലാത്തതിനാൽ അവിടെ ഒരു പോലീസ് സ്റ്റേഷന്റെ ആവശ്യം ഇപ്പോൾ ഇല്ല.

തളിപ്പറമ്പിൽ ഡി. വൈ. എസ്. പി. ആഫീസ്

751 [885] ശ്രീ. സി. പി. മൂസ്സാൻകുട്ടി: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തളിപ്പറമ്പിൽ ഡി. വൈ. എസ്. പി. ആഫീസ് ഉടൻതന്നെ തുടങ്ങാനുള്ള നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly